മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴിയുള്ള മരുന്ന് സംഭരണം

133 (840) ശ്രീ. ജി. സുധാകരൻ :
ശ്രീ. .എസ്. ശർമ്മ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴിയുള്ള മരുന്ന് സംഭരണം പാളിയതിന്റെ കാരണങ്ങൾ വിലയിരുത്തിയിരുന്നോ ; എങ്കിൽ അവ എന്തൊക്കെയെന്ന് അറിയിക്കുമോ ;

(ബി) കോർപ്പറേഷൻ മരുന്ന് വിതരണക്കാർക്ക് കുടിശ്ശിക വരുത്തിയതിനാൽ കരാറുകാർ ടെണ്ടർ ബഹിഷ്കരിക്കുകയുണ്ടായോ ; കുടിശ്ശിക വരുത്തിയതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ; എന്ത് നടപടി സ്വീകരിച്ചെന്ന് അറിയിക്കാമോ ; കോർപ്പറേഷന് നൽകാനുള്ള തുക എത്ര ;

(സി) കരിമ്പട്ടികയിൽപ്പെടുത്തിയ കമ്പനികളെ ടെണ്ടറിൽ പങ്കെടുപ്പിക്കുകയുണ്ടായോ ; എങ്കിൽ അതിന്റെ കാരണം അറിയിക്കാമോ ?

ഉത്തരം

(എ) വീഴ്ച വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നടപ്പു സാമ്പത്തിക വർഷം മരുന്ന് സംഭരണത്തിനായി 434.7 കോടി രൂപയുടെ ഇൻഡന്റ് ആരോഗ്യ വകുപ്പും ആരോഗ്യ വിദ്യാഭ്യാസ വകുപ്പും സംയുക്തമായി നൽകിയിട്ടുണ്ട്. എന്നാൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത് 242 കോടി രൂപയാണ്. 2008 മുതൽ 2013 വരെ ഏതാണ്ട് 220 കോടി രൂപ കോർപ്പറേഷന് കുടിശ്ശിക ഇനത്തിൽ ലഭിക്കാനുണ്ട്. എന്നിരുന്നാലും മരുന്ന് വിതരണത്തിനു തടസ്സം ഉണ്ടാകാതിരിക്കാൻ ഈ സാമ്പത്തിക വർഷം ഇതുവരെ 212 കോടി രൂപയുടെ മരുന്നുകൾ കോർപ്പറേഷൻ വിതരണം ചെയ്യുകഴിഞ്ഞു.

(ബി) 2008 സാമ്പത്തിക വർഷം മുതൽ 2013 വരെയുള്ള കാലയളവിൽ കോർപ്പറേഷന് 220 കോടി രൂപയുടെ ഫണ്ട് ലഭ്യമാകാനുണ്ട്. തന്മൂലം മുൻ വർഷത്തേത് ഉൾപ്പെടെയുള്ള വിതരണക്കാർക്ക് മരുന്ന് വാങ്ങിയ തുക നൽകാനുണ്ട്. തുക നൽകാത്തതിനാൽ ടെണ്ടർ ബഹിഷ്കരിക്കുന്ന അവസ്ഥ ഇതുവരെയും

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിട്ടില്ല. എങ്കിലും ചില വിതരണക്കാർ യഥാസമയം വിതരണം പൂർത്തീകരിക്കാത്ത സാഹചര്യവും ഉണ്ടായിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ 242 കോടി രൂപയുടെ മരുന്ന് സംഭരണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയപ്പോൾ 434.7 കോടി രൂപയുടെ ഇൻഡന്റാണ് കോർപ്പറേഷന് ലഭിച്ചത്. നടപ്പു സാമ്പത്തിക വർഷത്തിൽ ഇൻഡന്റ് പ്രകാരം നാളിതുവരെ 212 കോടി രൂപയുടെ മരുന്നുകൾ ആശുപത്രികൾക്ക് വിതരണം ചെയ്യുകഴിഞ്ഞു.

(സി) കരിമ്പട്ടികയിൽപ്പെടുത്തിയ കമ്പനികളെ കോർപ്പറേഷൻ ടെൻഡറിൽ ഉൾപ്പെടുത്തിയിട്ടില്ല.

ജീവൻരക്ഷാ മരുന്നുകളുടെ വില വർദ്ധന

134 (841) ശ്രീ. എസ്. ശർമ്മ :

ശ്രീമതി കെ. കെ. ലതിക :

ശ്രീ. ടി. വി. രാജേഷ് :

ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജീവൻരക്ഷാ മരുന്നുകൾക്ക് ഭീമമായ വില വർദ്ധനയുണ്ടാകാനിടയായ സാഹചര്യം എന്താണെന്ന് അറിയിക്കാമോ ;

(ബി) വിലവർദ്ധനയ്ക്കിടയാക്കിയ നയം തിരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കാമോ ;

(സി) അവശ്യമരുന്നുകൾ സാധാരണക്കാർക്ക് മിതമായ വിലയ്ക്ക് ലഭ്യമാക്കാനായി അവശ്യവസ്തു നിയമപ്രകാരം നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ) ജീവൻരക്ഷാ മരുന്നുകളുടെ വില ഭീമമായി വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസക്തമല്ലാത്തതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) നാഷണൽ ലിസ്റ്റ് ഓഫ് എസെൻഷ്യൽ മെഡിസിനിൽപ്പെട്ട 348 ഇനം മരുന്നുകളുടെ വില നിയന്ത്രിക്കുന്നത് ന്യൂഡൽഹിയിലെ നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയാണ്. പ്രസ്തുത മരുന്നുകളുടെ വില നിയന്ത്രിക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly